LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി ഐ. ടി. പാർക്ക്

312 (661) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഐ.ടി. പാർക്ക് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ &ബി) തലശ്ശേരിയിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്താൻ KSITIL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ബാധകമല്ല.

കൊരട്ടി ഇൻഫോ പാർക്ക്

313 (662) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഇൻഫോ പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) കൂടുതൽ ഐ.ടി. കമ്പനികൾ കൊരട്ടി ഇൻഫോ പാർക്കിൽ പ്രവർത്തനം ആരംഭിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. പ്രത്യേക സാമ്പത്തിക മേഖലയിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടി 3.3 ലക്ഷം ച. അടി വിസ്തീർണ്ണത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്ന ബഹുനില ഐ.ടി. മന്ദിരം 2015 ജൂലൈയോടു കൂടി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. പ്രസ്തുത ഐ.ടി. മന്ദിരത്തിലേക്കാവശ്യമായ ഏകദേശം 2 MVA Power വൈദ്യുതി ലഭ്യമാക്കുന്നതിന് KSEB deposit work ആയി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

3. ശുദ്ധജലം ലഭ്യമാകുന്നതിന് Water Treatment Plant, Over Head Tank എന്നിവ നിർമ്മിക്കുന്നതുൾപ്പെടെ KWA deposit work ആയി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചാലക്കുടി നദിക്കരയിലുള്ള Intake well മുതൽ കൊരട്ടി ഇൻഫോ പാർക്ക് വരെയുള്ള പൈപ്പിടൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് 2015 ഡിസംബറോടുകൂടി പൂർത്തിയാകുമെന്ന് കരുതുന്നു.

4. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി Internal roads, drains, cable trench എന്നിവ പുരോഗമിക്കുന്നു.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ

314 (T* 663) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന പരാതി ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുമോ ;

(ബി) ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിലടയ്ക്കുന്ന പണം ബന്ധപ്പെട്ട ലക്ഷ്യത്തിൽ യഥാസമയം വരവ് വയ്ക്കാത്തതുമൂലം പണമടയ്ക്കുന്നവർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ സേവന കേന്ദ്രവും ലക്ഷ്യകേന്ദ്രവും തമ്മിലുള്ള ഏകോപനം കുറ്റമറ്റതാക്കാൻ നടപടി നടത്തുമോ ;

(സി) നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ സർക്കാർ സേവങ്ങൾക്ക് നൽകുന്ന സൗജന്യം തുടരുന്നതോടൊപ്പം നിശ്ചിത ഫീസ് ഈടാക്കി അക്ഷയ കേന്ദ്രങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങൾ ഇവിടെയും ആരംഭിക്കുന്നതിന് നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പരാതികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുവാൻ കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എൻ.ഐ.സി.-യുടെ സഹകരണത്തോടെ വികസിപ്പിച്ചെടുത്ത പുതിയ സോഫ്റ്റ്വെയറായ "ഫ്രീസ്" പ്രവർത്തനം ആരംഭിച്ചതോടെ സേവനം ലഭ്യമായ ഡിപ്പാർട്ടുമെന്റുകളിലേക്ക് തത്സമയം തന്നെ ഓൺലൈനായി വിവരങ്ങൾ കൈമാറാൻ സാധിക്കുന്നുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly